# ദു:ഖം വിയർക്കുന്ന ഏപ്രിൽ

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

കുരുത്തോലയിൽ കുരുത്ത
സ്വീകരണയാത്രയുടെ അന്ത്യം
പള്ളിപ്പറമ്പിലെ രംഗത്തറയിൽ
നടനകേളിക്കു കൊട്ടിപ്പാടുമ്പോൾ,
കുർബ്ബാനയ്ക്കിടയിലെ പ്രാർത്ഥന
നാട്യഗൃഹത്തിലെ കാണിക്കൂട്ടം
ചൊല്ലിയാട്ട വായനക്കളരിയാക്കവേ,
തിരുവസ്ത്രമണിഞ്ഞ കാർമ്മികൻ
പിലാത്തോസിന്റെ കടംവാങ്ങിയ ജിഹ്വയിൽ
തീക്ഷ്ണശ്ശബ്ദത്തിൽ ചോദിച്ചു:
“ഇവനെ ഞാൻ എന്തുചെയ്യണം?”
എല്ലാരും ഒരേ ശബ്ദത്തിൽ ചൊല്ലി:
“അവനെ ക്രൂശിക്കുക.”
എല്ലാ നിശബ്ദതയും
അതേ ഉത്തരം
ഏറ്റുപാടി!

മരത്തിലെ ചായമടർന്ന
സങ്കലന ചിഹ്നത്തിൽ
വലംതല താഴ്ത്തി
ഇളകുന്ന തുരുമ്പിച്ച
ദ്രവാങ്കനാണിയിൽ
ജനനിയുടെ മടിയിൽ
തല ചായ്ക്കാൻ
പാതിമയക്കക്കണ്ണുകൾ
ഉയിർപ്പിന്റെ കോലായയിൽ

തുറന്നു പറക്കാൻ
മനക്കണ്ണിട്ടടിക്കും മകൻ,
പിളർന്നു പിന്നിയ തിരശ്ശീല തുന്നുന്ന
പുരോഹിതന്റെ കൈകളിലെ കളങ്കം
തൂത്തുകഴുകുന്ന ഓവുചാലിൽ
അന്നിദവെള്ളം ഒഴുകുന്ന
ജലപാതസംഭരണി കെട്ടിപ്പടുക്കുന്ന
ചാക്രിക വാസ്തവികത മുറ്റുന്ന
4-ഡി ചിത്രം പോലെ,
നീലാകാശസ്ക്രീനിൽ
വെള്ളക്കറുപ്പു നിഴലായി!
****************************************************************